# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4467 28.06.2012 - ൽ മറുപടിക്ക്

## സംസ്ഥാന റോഡ് വികസന പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പാലോട് രവി :<br>ശ്രീ. വി. പി. സജീന്ദ്രൻ :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. പി. സി. വിഷ്ണുനാഥ് : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന റോഡ് വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 1204 കിലോമീറ്റർ റോഡുകൾ ആധുനിക രീതിയിൽ നവീകരിക്കുന്നതിനുള്ള ഒരു റോഡു വികസന പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിന്റെ നടത്തിപ്പിലേക്കായി റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് എന്ന ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ പദ്ധതിയിലെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ; | (ബി) | റോഡുകൾ ശാസ്ത്രീയമായി പുനർനിർമ്മിച്ച് ഉപരിതലം ബലപ്പെടുത്തുക, വളവുകൾ നിവർത്തുക, ആവശ്യമായ പാലങ്ങളും കലുങ്കുകളും പണിയുക, ഇരു വശങ്ങളിലും ഓടകൾ നിർമ്മിക്കുക, പൈപ്പുകൾ, കേബിളുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള കാനകൾ നിർമ്മിക്കുക, റോഡുകൾ വെട്ടി മുറിക്കുന്നത് ഒഴിവാക്കുന്നതിനായി ഇടവിട്ട് ക്രോസ് ഡക്ടുകൾ സ്ഥാപിക്കുക, കാൽനട യാത്രക്കാരുടെ സുരക്ഷിതത്വത്തിനായി മെച്ചപ്പെട്ട നടപ്പാതകളും ബാരിക്കേഡുകളും നിർമ്മിക്കുക, അടയാള ബോർഡുകളും. ട്രാഫിക് സിഗ്നലുകളും, തെരുവ് വിളക്കുകളും സ്ഥാപിക്കുക തുടങ്ങിയവയാണ് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുള്ളത്. |
| (സി) | സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന റോഡുകൾ കണ്ടെത്തിയിട്ടുണ്ടോ ; | (സി) | 1204 കി.മീ. ദൈർഘ്യത്തിലുള്ള റോഡുകളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഇതിനുള്ള ഫണ്ട് എങ്ങനെയാണ് സ്വരൂപിക്കുന്നതെന്ന് വിശദമാക്കുമോ ? | (ഡി) | പൊതു സ്വകാര്യ പങ്കാളിത്തത്തോടെയും, ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തുമാണ് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ